# ഓണാഘോഷം 2023

സെപ്റ്റംബർ 25 ന് മുപ്പത്തടം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ വളരെ ഗംഭീരമായി ഓണാഘോഷ പരിപാടികൾ നടത്തപ്പെട്ടു .സ്ഥലപരിമിതി ഉള്ളതിനാൽ ഓരോ ക്ലാസ് റൂമുകളിൽ ആയാണ് ഇത്തവണ ഓണാഘോഷം സംഘടിപ്പിച്ചത്. പൂക്കളങ്ങളും പൂവിളികളും നാടൻപാട്ടിന്റെ ശീലുകളും മുഖരിതമാക്കിയ അന്തരീക്ഷത്തിൽ 8 D നിന്നും കിരൺ മാവേലി വേഷധാരിയായി. ഓരോ ക്ലാസിലും കയറിയിറങ്ങി ഓണാഘോഷത്തിന് മാറ്റുകൂട്ടി. ഓണം ഒരുമ ഉണർത്തുന്ന കേരളോത്സവം എന്ന അനുഭൂതി ഉണ്ടാക്കുന്ന വിധം എല്ലാ കുട്ടികളും വിവിധയിനം കറികൾ കൊണ്ടുവന്ന എല്ലാവർക്കും വിളമ്പി . സ്വാദോടെ എല്ലാവരും ഒരുമയുടെ ഓണം ഉണ്ടു.ആഘോഷങ്ങൾക്ക് വിരാമമിട്ടു.



